പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2213 — 10.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം

ചോദ്യം — ഉത്തരം

ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിന് ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; | (എ) | കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിന്വേണ്ടി പുതിയ ബസ്സുകൾ നിരത്തിലിറങ്ങിത്തുടങ്ങുന്നതോടുകൂടി ദീർഘദൂര സർവ്വീസുകൾക്ക് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ തുടങ്ങിയ ബസ്സുകൾ മാറ്റി പുതിയവ നൽകുന്നതിന് ഉദ്ദേശിക്കുന്നു. ഓൺ ലൈൻ റിസർവ്വേഷൻ സൗകര്യം കൂടുതൽ ദീർഘദൂര സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യുന്നവരുടെ സൗകര്യം പരിഗണിച്ച് തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാർ രൂപം കൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈകൊണ്ട് കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഡിപ്പോകളിൽ അത് തീരുന്ന മുറയ്ക്ക് യാത്രക്കാർക്ക് വളരെ സൗകര്യപ്രദമായ രീതിയിലുള്ള വിശ്രമ സങ്കേതവും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യവും |

| | | | |
|---|---|---|---|
| | | | അവിടങ്ങളിൽ ലഭ്യമാകുന്നതാണ്. വനിതകൾക്കുവേണ്ടിയുള്ള 'Safe women safe Travel' പദ്ധതി പ്രകാരം, വനിതാ വിശ്രമകേന്ദ്രങ്ങൾ ആരംഭിച്ച് വരുന്നു. മൊബൈൽ ഫോണിലൂടെ എസ്.എം.എസ് വഴി ഓടികൊണ്ടിരിക്കുന്ന ബസ്സുകളുടെ സമയം അറിയുവാൻ കഴിയുന്ന പദ്ധതിയായ എം-ഗവേണൻസിന് കെ.എസ്.ആർ.ടി.സി പ്രാരംഭം കുറിച്ചു കഴിഞ്ഞു. സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ അപ്പർ ക്ലാസ്സ് സർവ്വീസുകളുടെയും, പ്രധാനപ്പെട്ട ഓർഡിനറി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെയും സമയ വിവര പട്ടിക ഉൾക്കൊള്ളിച്ചിട്ടുണ്ട്. KSRTC എന്ന് ടൈപ്പ് ചെയ്തതിന് ശേഷം സ്ഥലനാമങ്ങളുടെ ചുരുക്കപ്പേരുകൾ 537252 എന്ന നമ്പരിലേക്ക് എസ്.എം.എസ് അയക്കുമ്പോൾ സമയ വിവരപ്പട്ടിക ലഭ്യമാകുന്നതാണ്. |
| ി) | സ്ഥിരം യാത്രക്കാർക്കായി കെ.എസ്.ആർ.ടി.സി. യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സീസൺ ടിക്കറ്റ് സമ്പ്രദായം കെ.എസ്.ആർ.ടി.സി യിൽ ആവിഷ്കരിച്ചിട്ടുള്ളത്. തുടക്കമെന്ന നിലയിൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| ി) | സംസ്ഥാനത്ത് വ്യാപകമായി കെ.എസ്.ആർ.ടി.സി. യിൽ സ്ഥിരം യാത്രികർക്ക് സീസൺ ടിക്കറ്റ് ഏർപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട ചില റൂട്ടുകളിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുന്ന കാര്യംപരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ